നീയല്ലാതെനിക്ക് ആരുമില്ല ......3
ആത്മസഖാവാം യേശുനാഥാ
നീയല്ലാതെനിക്ക് ഒന്നുമില്ല ......2
ജീവന്റെ ജീവനാം യേശുനാഥാ

നീയല്ലാ .........2 ആത്മ ........

കാലിത്തൊഴുത്തിൽ പിറന്നവനെ
കന്യകമേരിയിൽ ഭൂജാതനെ ......2
ആലംബഹീനർക്കായ് സർവ്വതും ......2
ആനന്ദത്തോടെ വെടിഞ്ഞവനെ

നീയല്ലാ .........2 ആത്മ ........

കുരുടർക്കു കാഴ്ച കൊടുത്തവനെ
ചെകിടർക്കു കേൾവി നൽകിയോനെ ......2
രോഗികൾക്കാശ്വാസദായകനെ ......2
മൃത്യുവിൻ മീതെ ജയിച്ചവനെ

നീയല്ലാ .........2 ആത്മ ........

വന്നീടണെ എന്റെ ഹൃത്തിനുള്ളിൽ
ആവസിച്ചീടണെ മോദത്തോടെ ......2
എന്നെന്നും ശോഭ ചൊരിഞ്ഞിടുന്ന .....2
ദീപമതായെന്നെ മാറ്റീടണെ

നീയല്ലാ .....2 ആത്മ......
നീയല്ലാ ...... ഒന്നു ......2
ജീവന്റെ ........ നീയല്ലാ......2 ആത്മ....